# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2478 — 19.12.2012-ലെ മറുപടിക്ക്

## മെന്റൽ ഹെൽത്ത് റൂൾസ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എം.എ. വാഹിദ്<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. പാലോട് രവി<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. വി.എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) മെന്റൽ ഹെൽത്ത് റൂൾസ് നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തിന്റെ പ്രത്യേക ആവശ്യങ്ങൾ പരിഗണിച്ച് മെന്റൽ ഹെൽത്ത് ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ് 2012 സംസ്ഥാനസർക്കാർ രൂപീകരിച്ചു. ഇതിലെ വ്യവസ്ഥകൾ നടപ്പിലാക്കി വരുന്നു. |
| ബി) ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; | ബി) ഇതിന് കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. തുടർന്ന് സംസ്ഥാന സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. (SRO No.768/2012) |
| സി) മാനസിക അസ്വസ്ഥതയുള്ളവരെ ചികിൽസയുടെ ഭാഗമായി പീഡിപ്പിക്കുന്നതു തടയാൻ എന്തെല്ലാം വ്യവസ്ഥകളാണ് റൂൾസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. വിശദമാക്കുമോ; | സി) മാനസികാരോഗ്യ കേന്ദ്രങ്ങളെ ആരോഗ്യകരമായ രീതിയിൽ നിലനിർത്തുന്നതിനുള്ള വ്യവസ്ഥകൾ റൂൾ 20-ൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.<br><br>കേന്ദ്രസർക്കാർ രൂപീകരിച്ച സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾ 1990 -ൽ എല്ലാത്തരം മാനസികാരോഗ്യ ചികിത്സാ കേന്ദ്രങ്ങൾക്കും ഒരേ അടിസ്ഥാന സൗകര്യങ്ങളാണ് നിഷ്കർഷിച്ചിരിക്കുന്നത്. ഈ ന്യൂനത പരിഹരിക്കുവാനായി പുതുതായി രൂപീകരിച്ച സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസിന്റെ റൂൾ 22-ൽ മാനസികാരോഗ്യ ചികിത്സാ രംഗത്തുള്ള |

ആശുപത്രികളും പുനരധിവാസ കേന്ദ്രങ്ങളും ഉൾപ്പെടെയുള്ള വിവിധ തരം മാനസികാരോഗ്യ കേന്ദ്രങ്ങൾക്ക് അവശ്യംവേണ്ട അടിസ്ഥാന സൗകര്യങ്ങൾ പ്രത്യേകം പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്.

റൂൾ 23-ൽ ഈ വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

റൂൾ 24-ൽ ഇത്തരം സ്ഥാപനങ്ങൾ രോഗികളുടെ പരിചരണവുമായി ബന്ധപ്പെട്ട് അവശ്യം സൂക്ഷിക്കേണ്ട രേഖകളെപ്പറ്റി പ്രതിപാദിച്ചിരിക്കുന്നു.

റൂൾ 25-ൽ മാനസികാസ്വാസ്ഥ്യമുള്ളവരെ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ പ്രവേശിപ്പിക്കുന്നതിനും കരുതലിൽ വയ്ക്കുന്നതിനും ആവശ്യമായ പ്രത്യേക വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

റൂൾ 26-ൽ മാനസികാരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ വിലയിരുത്തുവാനായി മെന്റൽ ഹെൽത്ത് ആക്റ്റ് 1987 -ലെ സെക്ഷൻ 37 പ്രകാരം ബോർഡ് ഓഫ് വിസിറ്റേഴ്സായി നിയമിക്കപ്പെടുന്നവരുടെ യോഗ്യതയും അവരുടെ പ്രവർത്തനങ്ങളും നിർവചിച്ചിരിക്കുന്നു.

റൂൾ 28-ൽ മാനസികാരോഗ്യ കേന്ദ്രങ്ങളിൽ അന്തേവാസികളുടെ പേരിൽ മറ്റുള്ളവർ അയയ്ക്കുന്ന കത്തുകളും മറ്റും തുറന്നുനോക്കുവാനും നശിപ്പിക്കുവാനും ചില പ്രത്യേക സാഹചര്യങ്ങളിൽ ഒഴികെ ആശുപത്രി അധികൃതർക്ക് അവകാശമുണ്ടായിരിക്കുന്നതല്ല എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.

റൂൾ 29-ൽ മെന്റൽ ഹെൽത്ത് ആക്റ്റ് 1987 -ലെ സെക്ഷൻ 13- പ്രകാരം നിയമിക്കപ്പെടുന്ന ഇൻസ്പെക്റ്റിംഗ് ഓഫീസർമാരുടെ വിദ്യാഭ്യാസ യോഗ്യതയും ഉത്തരവാദിത്വങ്ങളും ഉൾക്കൊള്ളിച്ചിട്ടുണ്ട്.

റൂൾ 30-ൽ മാനസികാരോഗ്യ കേന്ദ്രങ്ങളിലെ അന്തേവാസികളുടെ മനുഷ്യാവകാശം പരിരക്ഷിക്കുന്നതിന്റെ ഭാഗമായി അവരെ ഗവേഷണങ്ങൾക്കു വേണ്ടി ഉപയോഗിക്കുമ്പോൾ അവശ്യം പാലിക്കേണ്ട നിബന്ധനങ്ങൾ ഉൾപ്പെടുത്തിയിരിക്കുന്നു.

| | | | |
|---|---|---|---|
| ഡി) | എന്തെല്ലാം ശിക്ഷാ നടപടികളാണ് റൂൾസിൽ ഇതിനായി വ്യവസ്ഥ ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ ? | ഡി) | ശിക്ഷാ നടപടികൾ ഒന്നും തന്നെ മെന്റൽ ഹെൽത്ത് റൂൾസ്. 1990 -ലൊ കേരള സ്റ്റേറ്റ് മെന്റൽ ഹെൽത്ത് റൂൾസ്. 2012 -ലൊ ഉൾക്കൊള്ളിച്ചിട്ടില്ല. ശിക്ഷാനടപടികൾ പ്രതിപാദിച്ചിരിക്കുന്നത് മെന്റൽ ഹെൽത്ത് ആക്റ്റ്, 1987- ലാണ്. പ്രസ്തുത ആക്റ്റിന്റെ 82,83,84,85,86 എന്നീ സെക്ഷനുകളിൽ അനധികൃതമായി മാനസികാരോഗ്യ കേന്ദ്രങ്ങൾ നടത്തുന്നവർക്കും മെന്റൽ ഹെൽത്ത് ആക്റ്റിന്റെ വ്യവസ്ഥകൾ പാലിക്കാത്തവർക്കുമുള്ള ശിക്ഷാ നടപടികൾ പ്രതിപാദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ